## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- നിയമനം റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഇ.എ1- 54500/2016/ആ.വ.ഡ തീയതി 16.03.2019
2. ഇ.എ1- 54500/2016/ആ.വ.ഡ തീയതി 22.03.2019

**ഉത്തരവ് നം. ഇ.എ1- 54500/2016/ആ.വ.ഡ തീയതി 09.04.2019**

കണ്ണൂർ തലശ്ശേരി ജനറൽ ആശുപത്രിയിൽ പി.ജി പഠനത്തിനു ശേഷം പരാമർശം(1) പ്രകാരം അനസ്തേഷ്യ വിഭാഗം ജൂനിയർ കൺസൾട്ടന്റായി നിയമനം നൽകിയ ഡോ. മനു പ്രതാപിനെ ടി ആശുപത്രിയിൽ ഒഴിവില്ലായെന്ന ധാരണയിൽ പരാമർശം (2) പ്രകാരം ഇടുക്കി അടിമാലി താലൂക്ക് ആശുപത്രിയിലേക്ക് മാറ്റി നിയമിച്ച് ഉത്തരവായിരുന്നു.

എന്നാൽ കണ്ണൂർ തലശ്ശേരി ജനറൽ ആശുപത്രിയിലെ അനസ്തേഷ്യ വിഭാഗത്തിൽ ജൂനിയർ കൺസൾട്ടന്റിന്റെ 02 തസ്തികകളിൽ രണ്ടെണ്ണമാണ് ഇടുക്കി അടിമാലി താലൂക്ക് ആശുപത്രിയിലേക്ക് സ്ഥാനമാറ്റം ചെയ്തതെന്നും ഒരു തസ്തിക നിലവിൽ ഒഴിഞ്ഞു കിടക്കുകയാണെന്നും സ്ഥാപന മേധാവി അറിയിച്ചിരിക്കുന്നു.

പ്രസ്തുത സാഹചര്യത്തിൽ ഡോ. മനു പ്രതാപിനെ ഇടുക്കി അടിമാലി താലൂക്ക് ആശുപത്രിയിലേക്ക് മാറ്റി നിയമിച്ച പരാമർശം (2) ലെ ഉത്തരവ് റദ്ദു ചെയ്ത് ഉത്തരവാകുന്നു. മെഡിക്കൽ ആഫീസറും സ്ഥാപന മേധാവികളും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

ഡോ. മനു പ്രതാപ്, ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ)

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), ഇടുക്കി/ കണ്ണൂർ
3. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
4. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**